ആർ.സി.എസ്/5277/2019/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 12.03.2020

## സർക്കുലർ നമ്പർ : 18/2020

വിഷയം:- സഹകരണ വകുപ്പ്- ക്യു.1674 കരുനാഗപ്പള്ളി ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിൽ മറ്റ് സഹകരണ സംഘങ്ങൾക്ക് ഓഹരിയെടുക്കുന്നതിനുള്ള അപേക്ഷ - സംബന്ധിച്ച്.

സൂചന:- 1. സംഘം ഭരണസമിതിയുടെ 02.03.2020 - ലെ 35 -ാം നമ്പർ തീരുമാനം.
2. കൊല്ലം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 05.03.2020 - ലെ എച്ച്.എം.5262/2019 നമ്പർ കത്ത്.

ക്യൂ.1674-കരുനാഗപ്പള്ളി ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിൽ മറ്റ് സഹകരണ സംഘങ്ങൾക്ക് ഓഹരി എടുക്കുന്നതിന് അനുവാദത്തിനായി സംഘം ഭരണസമിതി സൂചന(1)പ്രകാരം തീരുമാനമെടുത്ത് സൂചന(2) ജോയിന്റ് രജിസ്ട്രാർ(ജനറൽ)വഴി അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി സംഘം നിയമാവലി വകുപ്പ് 5 സി പ്രകാരം കേരള ഗവൺമെന്റിനോ, സർക്കാർ, അർദ്ധസർക്കാർ സഹകരണ സ്ഥാപനങ്ങൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ സംഘത്തിൽ ഓഹരിയെടുക്കുന്നതിന് വ്യവസ്ഥയുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു. സംഘം ഭരണസമിതിയുടെ തീരുമാനം കൊല്ലം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

സൂചന(1) തീരുമാനത്തിന്റെയും സൂചന(2) ശുപാർശയുടെയും അടിസ്ഥാനത്തിൽ ക്യൂ.1674-കരുനാഗപ്പള്ളി ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിൽ മറ്റ് സഹകരണ സംഘങ്ങളിൽ നിന്നും ഓഹരി മൂലധനം സ്വരൂപിക്കുന്നതിന് കൊല്ലം ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങൾക്ക് അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകൾക്കും ഭരണ സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നു.

ഒപ്പ്
ഡോ.പി.കെ.ജയശ്രീ,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
കരുനാഗപ്പള്ളി ബിൽഡേഴ്സ് ആന്റ് ഡവലപ്പേഴ്സ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ.ക്യൂ.1674, കരുനാഗപ്പള്ളി പി.ഒ, കൊല്ലം-690518.

പകർപ്പ്:- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലം
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) കൊല്ലം
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ ( എം.റ്റി)